# പൊന്നാണ് പൂനിയ



ബജ്റംഗ് പൂനിയ



ശിവ ഥാപ്പ

## നാലാം മെഡലുറപ്പിച്ച് ശിവ

ബാങ്കോക്ക്: തുടർച്ചയായ നാലാം ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിലും മെഡലുറപ്പിക്കുന്ന ആദ്യ ഇന്ത്യൻ താരമായി ശിവ ഥാപ്പ.

തായ്ലൻഡിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ സെമിയിലെത്തിയാണ് ശിവ മെഡലുറപ്പിച്ചത്. ആതിഥേയരുടെ രുജാക്രനെയാണ് 5-0 ത്തിന് ശിവ ഇടിച്ചിട്ടത്.

ശിവ 2013ൽ സ്വർണവും 2015ൽ വെങ്കലവും 2017ൽ വെള്ളിയും ഏഷ്യൻ ചാമ്പ്യൻഷിപ്പുകളിൽ നിന്ന് സ്വന്തമാക്കിയിട്ടുണ്ട്. സെമിയിൽ തോറ്റാലും ഇക്കുറി ശിവയ്ക്ക് വെങ്കലം ലഭിക്കും.

ശിവ ഉൾപ്പെടെ നാല് ഇന്ത്യൻ പുരുഷതാരങ്ങളും സരിതാ ദേവി ഉൾപ്പടെ നാല് വനിതാ താരങ്ങളും സെമിയിലെത്തിയിട്ടുണ്ട്.

## ■ ബജ്റംഗ് പൂനിയയ്ക്ക് ഏഷ്യൻ സ്വർണം

ഷിയാൻ (ചൈന) : ഏഷ്യൻ റെസ്‌ലിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ആദ്യ സ്വർണവുമായി ബജ്റംഗ് പൂനിയ. ഇന്നലെ നടന്ന 65 കി.ഗ്രാം ഫൈനലിൽ കസാഖിസ്ഥാന്റെ സയേത് ബെക്ക് ഒക്കാസോവിനെ 12-7 ന് കീഴടക്കിയാണ് ബജ്റംഗ് പൊന്നണിഞ്ഞത്. മത്സരത്തിന്റെ തുടക്കത്തിൽ 2-7 ന് പിന്നിലായിരുന്ന ബജ്റംഗ് ശക്തമായി തിരിച്ചടിച്ചാണ് ഫൈനൽ ജയിച്ചത്.

അതേസമയം ഇന്ത്യയുടെ പ്രവീൺ റാണ ഫൈനലിൽ തോറ്റ് വെള്ളിയിലൊതുങ്ങി. 79 കി.ഗ്രാം വിഭാഗത്തിൽ ഇറാന്റെ ബഹ്മാൻ ടെയ്മൗറിയോട് 0-3 നാണ് റാണ തോറ്റത്. 97 കി.ഗ്രാം വിഭാഗത്തിൽ സത്യവ്രത് കദിയാൻ വെങ്കലം നേടി.

ക ഴി ഞ്ഞ വ ർ ഷം ജക്കാർത്ത ഏ ഷ്യ ൻ ഗെ യിം സി ലും ഗോൾഡ് കോസ്റ്റ് കോമൺവെൽത്ത് ഗെയിംസിലും സ്വർണം നേടിയിരുന്ന താരമാണ് ബജ്റംഗ്. ലോക ചാമ്പ്യൻഷിപ്പിൽ വെള്ളി നേടിയതോടെ 65 കി.ഗ്രാം വിഭാഗത്തിലെ ലോക ഒന്നാം റാങ്കം ബജ്റംഗിന് സ്വന്തമായി.



## ഷൂട്ടിംഗ് ലോകകപ്പ് : ഇന്ത്യയ്ക്ക് സ്വർണം

ബെയ്ജിംഗ് : ചൈനയിൽ നടക്കുന്ന ഷൂട്ടിംഗ് ലോകകപ്പിൽ 10 മീറ്റർ എയർ റൈഫിൾ വനിതാ ടീം ഇവന്റിൽ ഇന്ത്യയ്ക്ക് സ്വർണം. അപൂർവി ചന്ദേല, അൻജും മൗദ്ഗിൽ, ഇളവേണിൽ വളരിവൻ എന്നിവരടങ്ങിയ ടീമാണ് സ്വർണം നേടിയത്. വ്യക്തിഗത ഇനത്തിൽ അപൂർവി നാലാമതും അൻജും ആറാമതുമായി.

## ഇന്ന് മാഞ്ചസ്റ്റർ ഡർബി

മാഞ്ചസ്റ്റർ : ഇംഗ്ലീഷ് പ്രിമിയർ ലീഗ് ഫുട്ബാളിൽ മാഞ്ചസ്റ്റർ യുണൈറ്റഡും മാഞ്ചസ്റ്റർ സിറ്റിയും തമ്മിലുള്ള ഡർബി പോരാട്ടം ഇന്ന് നടക്കും. ഈ സീസണിലെ രണ്ടാം ഡർബിയാണിത്. ആദ്യ ഡർബിയിൽ മാഞ്ചസ്റ്റർ സിറ്റി 3-1 ന് ജയിച്ചിരുന്നു. ഇന്ത്യൻ സമയം ഇന്ന് രാത്രി 12.30 ന് മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ തട്ടകത്തിൽ നടക്കുന്ന മത്സരത്തിൽ ജയിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് സിറ്റിയുടെ കിരീട പ്രതീക്ഷകളെ ബാധിക്കും.

## ചെൽസിക്ക് സമനില

ലണ്ടൻ : ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ ഇന്നലെ നടന്ന മത്സരത്തിൽ ചെൽസി 2-2 ന് ബേൺലിയുമായി സമനിലയിൽ കുരുങ്ങി 12-ാം മിനിട്ടിൽ ഹിഗ്വെയ്ൻ, 14-ാം മിനിട്ടിൽ കാന്റേ എന്നിവരാണ് ചെൽസിക്കായി സ്കോർ ചെയ്തത്. എട്ടാം മിനിട്ടിൽ ഹെൻഡ്രിക്ക്സും 24-ാം മിനിട്ടിൽ ബാൺസും ബേൺ ലിക്ക് വേണ്ടി ഗോളുകൾ നേടി.

## ഹാലെപ്പ് പിൻമാറി

സ്റ്റുട്ട്ഗർട്ട്: ലോക രണ്ടാം നമ്പർ വനിതാ ടെന്നിസ് താരം സിമോണ ഹാലെപ്പ് ഇടുപ്പിലെ പരിക്കിനെ തുടർന്ന് സ്റ്റുട്ട്ഗർട്ട് ഓപ്പണിൽ നിന്ന് പിൻമാറി.



# വിക്കറി വാട്ട്സൺ

### ■ സൺറൈസേഴ്സ് ഹൈദരാബാദിനെ ആറ് വിക്കറ്റിന് തോൽപ്പിച്ച് ചെന്നൈ വീണ്ടും ഒന്നാമത്

ചെന്നൈ: സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ഇന്നലെ നടന്ന ഐ.പി.എൽ മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിന് ആറ് വിക്കറ്റ് വിജയം

ഇന്നലെ ടോസ് നേടിയ ചെന്നൈ ക്യാപ്ടൻ മഹേന്ദ്രസിംഗ് ധോണി സൺറൈസേഴ്സിനെ ബാറ്റിംഗിന് അയയ്ക്കുകയായിരുന്നു. അവർ നിശ്ചിത 20 ഓവറിൽ 175/3 എന്ന സ്കോറിലെത്തിയപ്പോൾ ചെന്നൈ ഒരു പന്ത് ബാക്കി നിൽക്കെ ലക്ഷ്യത്തിലെത്തി. 53 പന്തുകളിൽ 96 റൺസടിച്ച ഷേൻ വാട്ട്സന്റെ തകർപ്പൻ ബാറ്റിംഗാണ് നിലവിലെ ചാമ്പ്യന്മാർക്ക് വിജയം നൽകിയത്. വാട്ട്സൺ ഒൻപത് സിക്സും ആറു ഫോറും പറത്തി. റെയ്ന (38) അമ്പാട്ടി (21) എന്നിവർ വാട്ട്സണ് പിന്തുണ നൽകി.

രണ്ടാം ഓവറിൽ ഓപ്പണർ ബെയർ സ്റ്റോയെ (0) നഷ്ടമായെങ്കിലും രണ്ടാം വിക്കറ്റിൽ ക്രീസിൽ ഒരുമിച്ച വാർണറും (57), മനീഷ് പാണ്ഡെയും (83 നോട്ടൗട്ട്) ചേർന്ന് തകർത്തടിച്ചത് സന്ദർശകരെ മാന്യമായ സ്കോറിലേക്ക് നയിച്ചു.

72 പന്തുകളിൽ 115 റൺസാണ് വാർണർ - മനീഷ് സഖ്യം അടിച്ചെടുത്തത്. 45 പന്തുകളിൽ മൂന്ന് ഫോറും രണ്ട് സിക്സുമടിച്ച വാർണർ 14-ാം ഓവറിലാണ് മടങ്ങിയത്. തുടർന്നിറങ്ങിയ വിജയ് ശങ്കർ മനീഷിനൊപ്പം പോരാട്ടം തുടർന്നു. 20 പന്തുകളിൽ രണ്ട് ഫോറും ഒരു സിക്സുമടിച്ച വിജയ് ശങ്കർ 19-ാം ഓവറിൽ മടങ്ങി. 49 പന്തുകളിൽ ഏഴ് ഫോറും മൂന്ന് സിക്സുമടക്കമാണ് മനീഷ് പാണ്ഡെ 83 റൺസടിച്ചത്.

വ്യക്തിപരമായ ആവശ്യങ്ങൾക്കായി നായകൻ വില്യംസൺ ന്യൂസിലൻഡിലേക്ക് മടങ്ങിയതോടെ ഇന്നലെ സൺ റൈസേഴ്സിനെ നയിച്ചത് ഭുവനേശ്വർ കുമാറാണ്. വില്യംസൺ പരിക്കുമൂലം പുറത്തിരുന്ന ആദ്യ മത്സരങ്ങളിലും ഭുവനേശ്വർ ടീമിനെ നയിച്ചിരുന്നു. രാജസ്ഥാൻ റോയൽസിനെതിരെ നടക്കുന്ന മത്സരത്തിൽ വില്യംസൺ മടങ്ങിയെത്തിയേക്കും. ഐ.പി.എല്ലിന്റെ അവസാന ഘട്ടത്തിൽ ഡേവിഡ് വാർണറുടെയും ബെയർസ്റ്റോയുടെയും സേവനം നഷ്ടമാകുന്നത് സൺറൈസേഴ്സിന് തിരിച്ചടിയായേക്കും. ഇരുവരും സ്വന്തം രാജ്യത്തിന്റെ ലോകകപ്പ് ക്യാമ്പുകളിൽ പങ്കെടുക്കാനാണ് മടങ്ങുന്നത്.

**പോയിന്റ് നില**

*(ടീം, കളി, ജയം, തോൽവി, പോയിന്റ് ക്രമത്തിൽ)*

**ചെന്നൈ 11-8-3-16**
**ഡൽഹി 11-7-4-14**
**മുംബയ് 10-6-4-12**
**ഹൈദരാബാദ് 10-5-5-10**
**പഞ്ചാബ് 10-5-5-10**
**കൊൽക്കത്ത 10-4-6-8**
**രാജസ്ഥാൻ 10-3-7-6**
**ബാംഗ്ലൂർ 10-3-7-6**

# ഡൽഹിയിലെ പ്രധാന പയ്യൻസ്

**ക്യാ**പ്ടൻ ശ്രേയസ് അയ്യർക്ക് 24 വയസ്. ഇന്ത്യൻ കുപ്പായത്തിൽ കളിച്ചിട്ടുള്ളത് ആറുവീതം ഏകദിനങ്ങളും ട്വന്റി-20 കളും.

ഋഷഭ് പന്തിന് 21 വയസ്. ഒൻപത് ടെസ്റ്റ്, അഞ്ച് ഏകദിനം, 15 ട്വന്റി-20 എന്നിങ്ങനെ അന്താരാഷ്ട്ര പരിചയം. എന്നാൽ അടുത്ത ലോകകപ്പിനുള്ള ടീമിൽ സെലക്ഷൻ കിട്ടിയില്ല.

പൃഥ്വി ഷായ്ക്ക് 19 വയസ്. രണ്ട് ടെസ്റ്റിൽ കളിച്ചെങ്കിലും പിന്നെ പരിക്ക് വില്ലനായി.

ഈ പയ്യൻമാരുമായി ഡൽഹി ഡെയർ ഡെവിൾസ് ഡൽഹി ക്യാപ്പിറ്റൽസ് എന്ന് പേരുമാറ്റി ഈ സീസണിലിറങ്ങുമ്പോൾ അദ്ഭുതങ്ങൾ ആരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ 11 മത്സരങ്ങൾ പിന്നിട്ടപ്പോൾ ചെന്നൈ സൂപ്പർ കിംഗ്സിന് തൊട്ടുപിന്നിൽ ഡൽഹി ക്യാപ്പിറ്റൽസ് പോയിന്റ് പട്ടികയിലെത്തിയിരിക്കുന്നു.

ചെന്നൈ 11 കളികളിൽ നിന്ന് 16 പോയിന്റ് നേടിയെങ്കിൽ ഡൽഹിക്ക് 11 മത്സരങ്ങളിൽ നിന്ന് 14 പോയിന്റ് ലഭിച്ചിരിക്കുന്നു.

കഴിഞ്ഞ ദിവസം രാജസ്ഥാൻ റോയൽസിനെതിരെ ഡൽഹി നേടിയ വിജയം ടീമിന് നൽകുന്നത് പുതിയ പ്രതീക്ഷകളാണ്. ലോകകപ്പ് ടീമിൽ ഇടം ലഭിക്കാത്തതിന്റെ ദേഷ്യം തീർക്കുന്നതുപോലെ ഋഷഭ് പന്ത് രാജസ്ഥാൻ ബൗളർമാരെ അടിച്ചു പറത്തിയപ്പോൾ 192 റൺസിന്റെ ലക്ഷ്യം നിസാരമായി മാറി. പൃഥ്വി ഷായ്ക്കൊപ്പം (42) പരിചയ സമ്പന്നനായ ശിഖർ ധവാൻ (54) അർദ്ധ സെഞ്ച്വറിയുമായി മിന്നിത്തിളങ്ങിയപ്പോൾ ജയ്പൂരിൽ ഓപ്പണിംഗിൽ തന്നെ ഡൽഹി വിജയമുറപ്പിച്ചതാണ്. തുടർന്നായിരുന്നു പന്തിന്റെ വിളയാട്ടം.

36 പന്തുകളിൽ നിന്ന് ഋഷഭ് അടിച്ചുകൂട്ടിയത് 78 റൺസാണ്. നാല് സിക്സും ആറ് ഫോറും ആ ബാറ്റിൽ നിന്ന് പറന്നു. അസാമാന്യമായ അക്രോബാറ്റിക് വഴക്കത്തോടെ ഋഷഭ് ബാറ്റു ചെയ്യുന്നത് പ്രഭുദേവയുടെ ഡാൻസുപോലെ കണ്ടിരിക്കാമായിരുന്നു.

ബാറ്റിംഗിൽ പയ്യൻമാരാണ് ഡൽഹിയുടെ തുറുപ്പുചീട്ടെങ്കിൽ ബൗളിംഗിൽ പരിചയസമ്പന്നരാണ് ഉത്തരവാദിത്വമേൽക്കുന്നത്. ഇശാന്ത് ശർമ്മ, അമിത് മിശ്ര, അക്ഷർ പട്ടേൽ, ക്രിസ് മോറിസ് എന്നിവർക്കൊപ്പം ദക്ഷിണാഫ്രിക്കൻ പേസർ റബാദയും ചേരുന്ന ഡൽഹിയുടെ ബൗളിംഗ് നിര ഏത് എതിരാളികളെയും വരുതിക്ക് നിറുത്താൻ കഴിയുന്നതാണ്. 13 ഓവറിൽ 135 റൺസടിച്ചിരുന്ന രാജസ്ഥാനെ 200 കടത്താതിരുന്നത് ഡൽഹിയുടെ ബൗളിംഗ് മികവ് തന്നെയായിരുന്നു. സെഞ്ച്വറി തികച്ചശേഷം രഹാനെയെ വമ്പൻ ഷോട്ടുകളുതിർക്കാൻ അനുവദിച്ചതുമില്ല.

ടീമിന്റെ മുഖമുദ്ര പിള്ളേർ സെറ്റാണെങ്കിലും അവർക്ക് പിന്നിലുള്ള മഹാരഥൻമാരാണ് യഥാർത്ഥ പോരാളികൾ. ആസ്ട്രേലിയൻ മുൻ ക്യാപ്ടൻ റിക്കി പോണ്ടിംഗ്, ഇന്ത്യൻ മുൻ ക്യാപ്ടൻ സൗരവ് ഗാംഗുലി, മുൻ ഇന്ത്യൻ താരം മുഹമ്മദ് കെയ്ഫ് എന്നിവരാണ് ആ ത്രിമൂർത്തികൾ. ഇടയ്ക്കുണ്ടായ പരാജയങ്ങളിൽ പതറാതെ ടീമിനെ വീണ്ടും വിജയ വഴിയിലെത്തിച്ചതിൽ ഇവരുടെ തന്ത്രങ്ങൾക്കും സാന്നിദ്ധ്യത്തിനും വലിയ പ്രാധാന്യമുണ്ട്.

ഈ സീസണിൽ പ്ലേ ഓഫിലെത്തുകയാണ് ഡൽഹിയുടെ ഏറ്റവും അടുത്ത ലക്ഷ്യം. ഇനി അധികം തോൽവികൾ വഴങ്ങാതിരുന്നാൽ അത് നടക്കും. അടുത്ത മത്സരം ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെതിരെയാണ്. ചെന്നൈ, രാജസ്ഥാൻ എന്നിവർക്കെതിരെയാണ് ശേഷിക്കുന്ന മത്സരങ്ങൾ.

> *ലോകകപ്പ് ടീമിൽ ഉൾപ്പെടാതെ പോയതിൽ സങ്കടമില്ലെന്ന് പറഞ്ഞാൽ നുണയാകും. എന്നാൽ അത് മനസിൽ സൂക്ഷിക്കുന്നില്ല.*
> **- ഋഷഭ് പന്ത്**



**ഇന്നത്തെ മത്സരം**

**ബാംഗ്ലൂർ Vs പഞ്ചാബ്**

(രാത്രി 8 മുതൽ)

■ ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്

# മൂന്നാം ദിനം രണ്ട് വെള്ളികൾ കൂടി

**ഹെപ്റ്റാത്തലണിൽ സ്വപ്നയ്ക്കും മിക്സഡ് റിലേ ടീമിനും വെള്ളി**

ദോഹ :ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ മൂന്നാംദിനം ഇന്ത്യയ്ക്ക് രണ്ട് മെഡലുകൾ കൂടി. ഇന്നലെ ഹെപ്റ്റാത്തലണിൽ സ്വപ്ന ബർമ്മനും മലയാളികളായ മുഹമ്മദ് അനസ്, വി.കെ വിസ്മയ എന്നിവരടങ്ങിയ മിക്സഡ് റിലേ ടീമുമാണ് വെള്ളിമെഡലുകൾ നേടിയത്. എം. ആർ പൂവമ്മ, ആരോഗ്യരാജീവ് എന്നിവരായിരുന്നു മിക്സഡ് റിലേയിലെ മറ്റംഗങ്ങൾ. ഹെപ്റ്റാത്തലണിൽ സീസൺ ബെസ്റ്റായ 5993 പോയിന്റാണ് സ്വപ്ന നേടിയത്. 2000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ പരുൾ ചൗധരി അഞ്ചാമതായി.

വനിതകളുടെ 200 മീറ്ററിൽ ദ്യുതിചന്ദ് ആദ്യ റൗണ്ടിൽ സീസണിലെ മികച്ച സമയമായ 23.33 സെക്കൻഡ് കണ്ടെത്തി ഫൈനലിൽ പ്രവേശിച്ചു. 800 മീറ്ററിനിടെ പരിക്കേറ്റ മലയാളി താരം ജിൻസൺ ജോൺസൺ 1500 മീറ്ററിലും മത്സരിക്കില്ലെന്ന് ഇന്ത്യൻ ടീം ഡെപ്യൂട്ടി ചീഫ് കോച്ച് രാധാകൃഷ്ണൻ നായർ അറിയിച്ചു. ചാമ്പ്യൻഷിപ്പിന്റെ ആദ്യ ദിനം നടന്ന പുരുഷൻമാരുടെ 10000 മീറ്ററിൽ വെള്ളി മെഡൽ ഇന്ത്യയ്ക്ക് അർഹതപ്പെട്ടതായിരുന്നിട്ടും നിഷേധിച്ച് സംഘാടകർ. വെള്ളി മെഡൽ നേടിയ ബഹ്റൈനി താരം ഹസൻ ചാനി 'ബിബ്' ധരിക്കാതെ ഓടിയിട്ടും അയോഗ്യനാക്കാതിരുന്നതാണ് ഇന്ത്യയ്ക്ക് വെള്ളി മെഡൽ ലഭിക്കാതിരുന്നതിന് കാരണം. ഈയിനത്തിൽ ഇന്ത്യയുടെ മുർളി ഗവിറ്റ് വെങ്കലം നേടിയിരുന്നു.

അന്താരാഷ്ട്ര അത്‌ലറ്റിക്സ് ഫെഡറേഷൻ നിയമപ്രകാരം ട്രാക്കിലും ഫീൽഡിലും മത്സരിക്കാനിറങ്ങുന്നവർ നെഞ്ചിലും മുതുകിലും സംഘാടകർ നൽകുന്ന ബിബ് നമ്പർ പതിച്ച ബാഡ്ജ് വ്യക്തമായി കാണത്തക്കവിധം കുത്തിവയ്ക്കേണ്ടതാണ്. ഇത് ഇല്ലാത്തവരെ അയോഗ്യരാക്കാം. എന്നാൽ ഹസൻ ചാനി ബിബ് ധരിക്കാതെ ഓടിയിട്ടും സംഘാടകർ അയോഗ്യരാക്കിയില്ല. ഏഷ്യൻ അത്‌ലറ്റിക്സ് അസോസിയേഷന്റെ ടെക്നിക്കൽ കമ്മിറ്റിയാണ് നടപടിയെടുക്കേണ്ടിയിരുന്നത്. എന്നാൽ ഇന്ത്യ പ്രതിഷേധമറിയിച്ചിട്ടും നടപടിയുണ്ടായില്ല.



*മുഹമ്മദ് അനസ്, ആരോഗ്യരാജീവ്, വി.കെ വിസ്മയ, എം.ആർ പൂവമ്മ*

# ഗോമതിയുടെ രണ്ടാം വരവിന്റെ കഥ

**പോയിന്റ് ഓഫ് വ്യൂ**

**ദോഹയിൽനിന്ന്**
**സനിൽ പി. തോമസ്**
**എഴുതുന്നു**

**പ്ര**കടനത്തിൽ പുരോഗതിയില്ലെന്ന പറഞ്ഞ് മൂന്ന വർഷം മുൻപ് ഇന്ത്യൻ ക്യാമ്പിൽ നിന്ന് പുറത്താക്കപ്പെട്ടവളാണ് കഴിഞ്ഞ രാത്രി ദോഹയിലെ ഖലീഫ സ്റ്റേഡിയത്തിൽ 800 മീറ്ററിൽ സ്വർണം നേടിയ ഗോമതി മാരിമുത്തു.

സ്ഥിരോത്സാഹവും കഠിന പ്രയത്നവുമാണ് ഗോമതിക്ക് മുന്നിൽ വീണ്ടും ഇന്ത്യൻ ക്യാമ്പിലേക്കുള്ള വാതിൽ തുറക്കാൻ ഇടയാക്കിയത്. താൻ പോരാ എന്നുപറഞ്ഞ അതേ കോച്ചിന്റെ ശിക്ഷണത്തിൽ കഴിഞ്ഞ മാർച്ചിൽ പരിശീലനം പുനരാരംഭിച്ചപ്പോൾ ദോഹയിലെ ഈ അദ്ഭുതം ഗോമതിയും പ്രതീക്ഷിച്ചില്ല.

" ഒരു മെഡൽ പ്രതീക്ഷിച്ചു. പക്ഷേ, സ്വർണം സ്വപ്നത്തിൽ പോലും ഇല്ലായിരുന്നു ". ഗോമതി തുറന്നു പറഞ്ഞു. 2013 ൽ ഏഴാമതും 2015ൽ നാലാമതും ഫിനിഷ് ചെയ്ത ഗോമതിക്ക് പരുക്കുമൂലം 2017ൽ മത്സരിക്കാനായിരുന്നില്ല. ഒരു കാലത്ത് ഏഷ്യൻ തലത്തിൽ ഇന്ത്യൻ വനിതകൾ കുത്തകയാക്കിയിരുന്ന രണ്ടു ലാപ്പ് ഓട്ടത്തിൽ ഗോമതിയെ പുതിയ താരോദയം എന്നു വിശേഷിക്കാനാവില്ല. ഗോമതിക്കു പ്രായം 30 ആയി. പക്ഷേ, ഇതേ വേദിയിൽ ലോക ചാംപ്യൻഷിപ്പിൽ മത്സരിക്കാം. പിന്നെ, 2022 ൽ ഏഷ്യൻ ഗെയിംസിൽ പ്രതീക്ഷയോടെ ഇറങ്ങാം. അത്രമാത്രം ഇപ്പോൾ ചിന്തിക്കാം.

തമിഴ്നാട്ടിലെ തിരുച്ചിറപ്പള്ളി സ്വദേശിനിയായ ഗോമതി അഞ്ചുവർഷമായി ബെംഗളൂരുവിൽ ഇൻകം ടാക്സ് വകുപ്പിലാണ് ജോലിനോക്കുന്നത്. ജീവിതത്തിലെ ഏറ്റവും മികച്ച പ്രകടനമായിരുന്നു ഗോമതിയുടേത്. രണ്ടു മിനിട്ടിൽ താഴെ 800 മീറ്റർ ഓടിയിട്ടുള്ള കസഖ്സ്ഥാൻ താരം മാർഗരിറ്റയെയും ചൈനയുടെ വാങ് ചുൻയുവിനെയും അട്ടിമറിച്ചാണ് ഗോമതി സ്വർണം നേടിയത്.

നല്ല മത്സരം ലഭിച്ചതാണ് ഗോമതിക്ക് അനുഗ്രഹമായത്.



ഗോമതി മാരിമുത്തു

